മിസ്റ്റർ കെ. ഐ. വേലായുധൻ: ഒരോ വീട്ടും അവിടെ ശരിയായി സൂക്ഷിക്കാത്തതു കൊണ്ടല്ലെ ഈ വിധത്തിലുള്ള കഴപ്പങ്ങൾ നേരിടുന്നതു"?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനെ സംബന്ധിച്ചു" ആവലാതികളുണ്ടായാൽ പരിശോധിച്ചുനോക്കാം.

PULLUT—PUTHENCHIRA BRIDGE—CONSTRUCTION OF

154. (103) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹു പ്പെട്ട ഗവൺമെണ്ടിൽനിന്ന മറുപടി പറയുവാൻ ദയവുണ്ടാകുമോ—

(എ) പുല്ലൂറു" നാരായണമംഗലം—പുത്തഞ്ചിറ പാലം പണിയുടെ കായ്ം എങ്ങിനെയിരിക്കുന്നു;

(ബി) ആ പണി എപ്പോൾതുടങ്ങും?

മിസ്റ്റർ കെ. അയ്യപ്പൻ: (എ) പാലംപണിയുടെകായ്ം റോഡുബോർഡു" കമ്മിറ്റിയുടെ മുമ്പാകെ വെച്ചിട്ടുണ്ടു". അവരുടെ റിപ്പോർട്ടു പ്രതീക്ഷിക്കുന്നു.

(ബി) പണിതുടങ്ങുന്ന കായ്ം കമ്മിറ്റിയുടെ റിപ്പോർട്ടിനെ ആശ്രയിച്ചിരിക്കും.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: റോഡു" ബോർഡിന്റെ മുമ്പിൽ വച്ചിട്ടു" എത്ര കാലമായി?

മിസ്റ്റർ കെ. അയ്യപ്പൻ: പഴയ റോഡു" ബോർഡുള്ളപ്പോൾതന്നെ ആലോചനയ്ക്കു വച്ചിട്ടുള്ളതാണു".

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ദയവുചെയ്തു റോഡു" ബോർഡിന്റെ റിപ്പോർട്ടു" ഉടനെ വേഗം അയയ്ക്കാൻ പറയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: റിപ്പോർട്ടു" അയക്കേണ്ടതു റോഡു"ബോർഡാണു". ബഹുമാനപ്പെട്ട ഈ സഭയിലെ മെമ്പർമാരാണു" റോഡു"ബോർഡിലുള്ളതു". അവർ വിചാരിച്ചാൽ വേഗത്തിൽ റിപ്പോർട്ടയക്കാൻ സാധിക്കും.

STEALING OF RICE FROM RESERVE CAMP—ACTION TAKEN

155. (164) കെ. ഡബ്ലിയു. മുരളീധരമാരാർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന ദയവായി മറുപടിപറയുമോ.—

(എ) ഫ ഫഡ ര തുലാം ഫ ഠ-ാംന്ത-യൊ ഫ ഫ-ാംന്ത-യൊ എറണാകുളം റിസർവ്വു" ക്യാമ്പിൽനിന്നും അരി കടത്തിയ കുറ്റത്തിന്ന വല്ലവരേയും അറസ്റ്റു ചെയ്തുകയുണ്ടായൊ;

(ബി) ഉണ്ടെങ്കിൽ ആരെ എന്തു നടപടിയെടുത്തു;

(സി) ഇതു സംബന്ധമായി ഫർണാണ്ടിസു" എന്ന ചാർജ്ജു സർജ്ജന്റിനെക്കൊണ്ടു നിർബന്ധമായി അവധിയെടുപ്പിക്കുകയുണ്ടായൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:—

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഇല്ല.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: തുലാം ഫ ഠ-ാംന്ത-യോ ഫ ഫ-ാംന്ത-യോ എറണാകുളം റിസർവ്വു"ഡു"ക്യാമ്പിൽനിന്നു" അരികടത്തിയതായി വല്ല ആക്ഷേപവും ഗവൺമെണ്ടിന്നു" കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അങ്ങിനെ ഒരാക്ഷേപം കിട്ടിയിട്ടുണ്ടു",

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: അതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഉവ്വു".

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: അന്വേഷണത്തിൽ ആരു" കടത്തി എന്നാണു" അറിഞ്ഞതു"?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചാർജ്ജു" സർജ്ജന്റു" ഫെർനാണ്ടീസ്സാണെന്നുള്ള കായ്ത്തിൽ വലിയ സംശയമുണ്ടു".

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: അതിനെ സംബന്ധിച്ചു" വല്ല നടപടികളും എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly